**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.283 — 12.01.2021 ൽ മറുപടിക്ക്

വള്ളിക്കുന്ന് മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .അബ്ദുൽ ഹമീദ്.പി. : | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;<br><br>പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജമണ്ഡലത്തിലെ അത്താണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി. ചേലേമ്പ്ര, തേഞ്ഞിപ്പലം, മൂന്നിയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. കടലുണ്ടി നഗരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>ആർദ്രത്തിന്റെ ഭാഗമായി അത്താണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നിവയുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>തേഞ്ഞിപ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും പുതുതായി സൃഷ്ടിച്ചു.<br><br>മൂന്നിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു സ്റ്റാഫ് നഴ്സിന്റെയും തസ്തിക സൃഷ്ടിച്ചു.<br><br>ചേലമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് ഒരു ലാബ് ടെക്നീഷ്യൻ എന്നീ പോസ്റ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.<br><br>30 ലക്ഷം രൂപ (എൻ.എച്ച്.എം & എൽ.എസ്.ജി.ഡി) ചെലവിൽ ലാബും, ഒ.പി കെട്ടിടവും നവീകരിച്ചു. |

| | | | |
|---|---|---|---|
| | | | അത്താണിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി എൻ.എച്ച്.എം ഫണ്ട് (65 ലക്ഷം ) ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം നടത്തി, ഓപ്പൺ ജിം സ്ഥാപിച്ചു.<br><br>ആർദ്രത്തിന്റെ ഭാഗമായി മുന്നിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ എൻ.എച്ച്.എം ഫണ്ട് 23.6 ലക്ഷം രൂപ ചെലവിൽ ഒ.പീ നവീകരണം നടത്തി.<br><br>വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി എം.എൽ.എ യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഈ മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 ലക്ഷം രൂപ ചെലവിൽ ഫാർമസി കെട്ടിടം പുനരുദ്ധാരണം നടന്നു വരുന്നു. പെരുവള്ളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 25 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രതിരോധ കുത്തിവെയ്പ് കേന്ദ്രം ആരംഭിച്ചു. 16 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മുലയൂട്ടൽ കേന്ദ്രം ആരംഭിച്ചു. 6 ലക്ഷം രൂപയ്ക്ക്ടോയ് ലറ്റ് നിർമ്മാണം നടത്തി. 11.8 ലക്ഷം രൂപ ചെലവിൽ കോമ്പൗണ്ട് നവീകരണം നടന്നു വരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് വകയിരുത്തി ലാബിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.<br>ചേലമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 30 ലക്ഷം രൂപ ചെലവിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. 30 ലക്ഷം രൂപ (എൻ.എച്ച്.എം & എൽ.എസ്.ജി.ഡി) ചെലവിൽ ലാബും, ഒ.പി കെട്ടിടവും നവീകരിച്ചു. |

| | | | |
|---|---|---|---|
| | | | അത്താണിക്കൽ പി.എച്ച്. സി യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. എൻ.എച്ച്.എം ഫണ്ട് (65 ലക്ഷം ) ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം നടത്തി ഒപ്പൺ ജിം സ്ഥാപിച്ചു.<br>ആർദ്രത്തിന്റെ ഭാഗമായി മുന്നിയൂർ പി.എച്ച്.സി.യെ എൻ.എച്ച്.എം ഫണ്ട് 23.6 ലക്ഷം രൂപ ചെലവിൽ ഒ.പി നവീകരണം നടത്തി.<br>വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി എം.എൽ.എ യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ? | (സി) | വള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 10 ലക്ഷം രൂപ ചെലവിൽ ഫാർമസി കെട്ടിടം പുനരുദ്ധാരണം നടന്നു വരുന്നു. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ<br>ആശുപത്രികളിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തനായി എം.എൽ.എ യുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5.72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ചേലമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 30 ലക്ഷം രൂപ ചെലവിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ